മാനേജ്മെന്റ് ചെയ്തുകൊണ്ടിരിക്കുന്നത് ഒരു കുറുക്കുപണിയാണ്. അവർ ടെ അപ്പ് നടത്തുകയാണ്. സാംസംഗ് പോലെ ഇൻഡ്യയിലേയൊ അന്തർദേശീയ രംഗത്തോ ഉള്ള കമ്പനികളുമായിട്ട് അവർ ടെ അപ്പ് നടത്തുകയാണ്. ആ ടെ അപ്പ്-ന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു പലചരക്ക് കടയിൽപ്പോയി കെ.എസ്.എഫ്.ഇ. -യിലെ ജീവനക്കാരൻ പണിയെടുക്കേണ്ടുന്ന രൂപത്തിൽ ജീവനക്കാരെ തരംതാഴ്ത്തുന്ന ഒരു സമീപനം കൂടി ഇപ്പോൾ മാനേജ്മെന്റ് ചെയ്യുന്നുണ്ട് എന്നുള്ളത് അങ്ങേയ്ക്കറിയാമോ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: അങ്ങ് പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവമായി കാണുകയും അതിന് പരിഹാരം കണ്ടെത്തുകയും ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

Mr. Deputy Speaker: Your allotted time is over. You can continue next time.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ഞാൻ അടുത്ത സന്ദർഭത്തിൽ കണ്ടിന്യൂ ചെയ്യുന്നതാണ്.

(ചർച്ച തുടരും)

(2) 2004-ലെ കേരള വനിതാ സ്വയംതൊഴിൽ സഹായസംഘം ബിൽ

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, 2004-ലെ കേരള വനിതാ സ്വയം തൊഴിൽ സഹായസംഘം ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): തൊഴിൽരഹിതരായ വനിതകൾക്ക് വനിതാ കൂട്ടായ്മയിലൂടെ സ്വയംതൊഴിൽ ശാക്തീകരണം നൽകുന്നതിന് സ്വയം തൊഴിൽ സഹായ വനിതാ സംഘങ്ങൾ രൂപീകരിച്ച് "ഗ്രാമസമൃദ്ധി-ധനസഞ്ചയം" എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശമാണ് ഈ ബില്ലിലൂടെ ബഹുമാനപ്പെട്ട പ്രയാർ ഗോപാലകൃഷ്ണൻ ഉന്നയിച്ചിരിക്കുന്നത്. സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും മേൽനോട്ടത്തിൽ വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഈ പദ്ധതികളെല്ലാം തന്നെ അതാത് വകുപ്പുകളുടെ ഭരണനേതൃത്വത്തിലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വ്യത്യസ്ത വകുപ്പുകൾ വിവിധ പദ്ധതികളിലൂടെ വനിതാ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതുകൊണ്ട് ബില്ലിൽ മെമ്പർ വിഭാവന ചെയ്യുന്ന പ്രകാരം ഒരു ഏകീകൃത നിയമനിർമ്മാണത്തിന് പ്രസക്തി വളരെ കുറവാണ്. അതുകൊണ്ട് ഈ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ബഹുമാന്യനായ മന്ത്രി വീണ്ടും എതിർക്കുക എന്ന അദ്ദേഹത്തിന്റെ ഔദ്യോഗികമായ ബാദ്ധ്യത നിർവ്വഹിച്ചുവെന്ന് മാത്രമേ ഞാൻ ധരിക്കുന്നുള്ളൂ. ഇവിടെ വളരെ പ്രസക്തമായ ഒരു കാര്യമുണ്ട്. ഇന്നലെകളിൽ നാം ധരിച്ചിരുന്നത്, പ്രാചീനരായ ആളുകൾക്കിടയിൽ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടുവർത്തമാനമെന്ന നിലയിൽ "നാല് തലകൾ ചേരും, നാല് മുലകൾ ചേരില്ല" എന്നൊരു ചൊല്ലുണ്ട്. ആ ചൊല്ല് ഇന്ന് അക്ഷരാർത്ഥത്തിൽ ശരിയല്ല എന്ന് സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ചെത്ത്, അടിപൊളി എന്നുപറഞ്ഞാൽ എന്തായിരുന്നു അർത്ഥം? ഇപ്പോൾ ചെത്തും അടിപൊളിയും ഒക്കെ നിഘണ്ടുവിൽ കയറിയിരിക്കുന്നുവെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതുപോലെ ചങ്ങമ്പുഴ ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം ഇന്നലെ എഴുതിയത് മാറ്റി എഴുതുമായിരുന്നു. "നാരികൾ നാരികൾ വിശ്വ വിപത്തിന്റെ നാരായവേരുകൾ" എന്നത് "നാരികൾ നാരികൾ വിശ്വ വിജയത്തിന്റെ നാരായവേരുകൾ" എന്ന് പറയുമായിരുന്നു. എങ്കിൽ പോലും കുഞ്ചൻ നമ്പ്യാരുടെ വീക്ഷണം ഇന്ന് സത്യമായി നിലനിൽക്കുന്നു. "കനകംമൂലം കാമിനിമൂലം കലഹം പലവിധം ഉലകിൽ സുലഭം." അത് ഉണ്ടാകാതിരിക്കാൻ വേണ്ടി വിവിധ വകുപ്പുകളിലായി സ്ത്രീകളുടെ സ്വയം തൊഴിൽ സംവിധാനത്തിന് നിലവിലുള്ള രീതിക്ക് കാലോചിതമായ മാറ്റമുണ്ടാക്കി, ഒരു ഐക്യരൂപമുണ്ടാക്കി മുന്നോട്ട് കൊണ്ടുപോകണമെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് വളരെ നിശബ്ദമായി, വളരെ പ്രശംസനീയമായി കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഏതാണ്ട് 34,000-ത്തോളം യൂണിറ്റുകൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞിരിക്കുന്നു. ഏതാണ്ട് 100 കോടി രൂപയുടെ വികസന പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു. അടുക്കും ചിട്ടയോടും കൂടിയുള്ള ക്രമീകരണത്തിന്റെ ദുരവസ്ഥയും അതിന്റേതായ പോരായ്മയുമാണ് ഈ മേഖലയിൽ അനുഭവിക്കുന്നത്. അയൽക്കൂട്ടമെന്ന പേരിൽ സ്ത്രീ ശക്തി, എന്ന പേരിൽ കുടുംബശ്രീ എന്ന പേരിലൊക്കെ നടക്കുന്ന ഈ സ്ത്രീ ശാക്തീകരണം ചിലരൊക്കെ കണ്ടുപിടിച്ച് കൊണ്ടുവന്നതാണെന്ന നിലയിൽ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 25 വർഷങ്ങൾക്ക് മുമ്പ് ബംഗ്ലാദേശ് രാജ്യത്ത് വികസന കാര്യത്തിൽ വളരെ ബുദ്ധിമുട്ടുണ്ടായ ഒരു സാഹചര്യത്തിലാണ് ലോകത്ത് ആദ്യമായി സ്ത്രീ ശാക്തീകരണത്തിന് അവിടെ ഗ്രാമീണ ബാങ്കുകളുണ്ടാക്കി വനിതകളെ സഹായിക്കുവാനുള്ള മൈക്രോ സംവിധാനങ്ങളുണ്ടാക്കി അത്ഭുതകരമായ നേട്ടം ആ രാജ്യത്തുണ്ടാക്കിയത്. വികസനോൻമുഖമായ രാജ്യങ്ങളെല്ലാം തന്നെ ഇത് പകർത്തി. അതിനിടയിൽ നമ്മുടെ സംസ്ഥാനവും ഇപ്പോൾ പകർത്തിയിട്ടുണ്ട്. അതുകൊണ്ട് എന്റെ വ്യക്തിപരമായ അഭിപ്രായം നമ്മുടെ സംസ്ഥാനത്ത് സ്ത്രീ ശാക്തീകരണത്തിന് പര്യാപ്തമായ നിലയിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് നല്ല വൈപുല്യം നൽകി അതിന് നിയമ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നുള്ളതാണ്. അതിനു വേണ്ടിയാണ് ഞാൻ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. ബാബു:</u> അങ്ങ് സ്ത്രീ ശാക്തീകരണത്തെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലുമുള്ളതുപോലെ നിയമസഭയിലും പാർലമെന്റിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് റിസർവേഷൻ ഏർപ്പെടുത്തേണ്ടതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:</u> അതൊരു രാഷ്ട്രീയമായ തീരുമാനമാണ്, നയപരമാണ്. അതിന് അഭിപ്രായം പറയാനുള്ള പാകത്തിൽ ഞാൻ എത്തിച്ചേർന്നിട്ടില്ലാത്തതിനാൽ അതിനുള്ള അഭിപ്രായം ഞാൻ പറയുന്നില്ല. അസ്ഥാനത്ത് അഭിപ്രായം പറയുന്ന ആളല്ലാത്തതിനാൽ അങ്ങേയ്ക്ക് മറുപടി പറയാനും ആഗ്രഹിക്കുന്നില്ല. ഞാൻ പറഞ്ഞത് സ്ത്രീകളുടെ സഹകരണ മനോഭാവം

LIBRARY ARCHIVES Kerala Legislative Assembly

വളർത്താൻ, നേതൃത്വശീല മുണ്ടാക്കാൻ, സ്വാശ്രയ ശീലമുണ്ടാക്കാൻ, സമ്പാദ്യശീല മുണ്ടാക്കാൻ അതുപോലെതന്നെ ജീവിത യാതനകളിൽ നിന്ന് മോചനം നേടുവാനൊക്കെ ഇത് പര്യാപ്തമായിട്ടുണ്ട്. അതുകൊണ്ട് ഇതിന് നിയമപരമായ സുരക്ഷിതത്വം വേണം. ഇപ്പോഴുള്ള സുരക്ഷിതത്വം എപ്പോഴും ഉണ്ടാകില്ല. അതുണ്ടാക്കുന്നതിന് നിയമത്തിന്റെ ഒരു നിയന്ത്രണവും പ്രോത്സാഹനവും സംരക്ഷണവും അനിവാര്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതുപോലെ തന്നെ ഗ്രാമതലത്തിൽ ഇപ്പോൾ വനിതാ സ്വയം തൊഴിൽ സഹായ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്റെ ബിൽ വിഭാവന ചെയ്യുന്നത് ഗ്രാമതലത്തിൽ അതായത് വാർഡ് പ്രവർത്തന മേഖലയാക്കി, നിയോജകമണ്ഡലമാക്കി, അവിടെ സംഘങ്ങൾ രൂപീകരിക്കുക. പഞ്ചായത്ത് സംഘങ്ങളെല്ലാം ചേർന്നുകൊണ്ട് നിലവിലുള്ള പ്രാഥമിക സംഘം പ്രസിഡന്റുമാരുടെ ഒരു ദ്വിതീയ സംഘം രൂപീകരിച്ച് ആ ദ്വിതീയ സംഘത്തിൽ നിന്നും മൂന്ന് പ്രതിനിധികൾ വീതമുള്ള ബ്ലോക്കതല സ്വയം തൊഴിൽ സഹായ സംഘങ്ങൾ രൂപീകരിക്കുക, ബ്ലോക്കിൽ നിന്നും രണ്ട് പ്രതിനിധികൾ വീതം വരുന്ന ജില്ലാതല സ്വയം തൊഴിൽ സഹായ സംഘങ്ങൾ രൂപീകരിക്കുക. സംസ്ഥാനത്തേക്ക് ജില്ലയിൽ നിന്നും രണ്ട് പ്രതിനിധികൾ വീതമുള്ള പ്രാതിനിധ്യത്തോടുകൂടി ഉണ്ടാക്കുക. അതിന്റെ സംസ്ഥാന ചെയർമാൻ മന്ത്രിയായിരിക്കുക, വൈസ് ചെയർപേഴ്സൺ ഒരു പ്രാഥമിക സംഘം പ്രസിഡന്റ് കൂടിയായ വനിത ആയിരിക്കുക. അത് ജില്ലാ പഞ്ചായത്തിലും, ബ്ലോക്ക് പഞ്ചായത്തിലും, ഗ്രാമ പഞ്ചായത്തിലും ഉണ്ടാക്കിയാൽ വൈസ് ചെയർപേഴ്സൺസ് വനിതകളാകും. എല്ലാ സ്ത്രീകളുടെ നിയന്ത്രണത്തിലായിരിക്കണം. ഇവിടെ മേൽഘടകമെന്ന് പറയുമ്പോൾ നിയന്ത്രിക്കാനോ ഭീഷണിപ്പെടുത്താനോ വേണ്ടിയല്ല, മറിച്ച് സഹായിക്കാൻ വേണ്ടി, സംരക്ഷിക്കാൻ വേണ്ടിയുള്ള ഒരു പുതിയ മേൽത്തട്ട് സംസ്ക്കാരം സ്ത്രീ ശാക്തീകരണത്തിന് അനിവാര്യമാണ് എന്ന് ഞാൻ ധരിക്കുന്നു. ഇപ്പോൾ പല ഏജൻസികളും ഈ രംഗത്ത് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു കാര്യം പറയാനുള്ളത് ഇവർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, അങ്ങേക്ക് ഇക്കാര്യത്തെ സംബന്ധിച്ച് നല്ല ബോധവും നല്ല അറിവും അനുഭവവുമുണ്ടെന്ന് എനിക്കറിയാം. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അങ്ങ് പറഞ്ഞതാണ്—'മാർക്കറ്റിംഗ്'. മാർക്കറ്റിംഗിന് ആവശ്യമായ സഹായം ഇവിടെ ഉണ്ടാകുന്നില്ല. പാവപ്പെട്ട സ്ത്രീകളും പാവപ്പെട്ട സംഘങ്ങളും ഉല്പാദിപ്പിക്കുന്ന ഉല്പന്നം വിറ്റഴിക്കാതെ അവർ നഷ്ടം സഹിക്കുന്നു. ഇത് വിറ്റഴിക്കപ്പെടാതെ നിൽക്കുന്നതിന്റെ പ്രധാനപ്പെട്ട കാര്യം എന്താണെന്നറിയുമോ ? പ്ലാനിംഗിന്റെ കുറവാണ്. ഒരു പഞ്ചായത്തിലുള്ള സംഘങ്ങൾ എല്ലാം തന്നെ ഒരേ ഉല്പന്നമുണ്ടാക്കുന്നു. അച്ചാർ ഉണ്ടാക്കുന്നിടത്ത് —എല്ലാവരും അച്ചാർ ഉണ്ടാക്കുന്നു. അരിപ്പൊടി ഉണ്ടാക്കുന്നിടത്ത് —എല്ലാവരും അരിപ്പൊടിയുണ്ടാക്കുന്നു. അതുകൊണ്ട് ഓരോ പ്രദേശത്തിന്റെയും ആവശ്യമനുസരിച്ച് സാധനങ്ങളുണ്ടാക്കുന്നതിനാവശ്യമായ പ്ലാനിംഗ് സംവിധാനം വേണം. അതിന് ടെക്നോളജി ആവശ്യമാണ്, പരിചയം ആവശ്യമാണ്, പരിശീലനം ആവശ്യമാണ്. ഇവ എല്ലാം എന്റെ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : ബഹുമാനപ്പെട്ട പ്രയാർ ഗോപാലകൃഷ്ണൻ ഈ ബില്ലിൽ പ്രധാനമായിട്ടും ഊന്നൽ നൽകുന്നത് സ്ത്രീശാക്തീകരണത്തിനാണ്. അങ്ങയുടെ വിശദീകരണത്തിലും അതിനാണ് ഊന്നൽ നൽകിയിട്ടുള്ളത്. അപ്പോൾ ഈ സ്വയം തൊഴിൽ മേഖലയിൽ സ്ത്രീകളെ കൂടുതൽ ഭാഗഭാക്കാക്കുക, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരിക എന്നുള്ളതാണ് അങ്ങ് ലക്ഷ്യമിട്ടത് എന്ന് ഞാൻ കരുതുന്നു. അതിന് അടിസ്ഥാനമായിട്ടുള്ള നിയമ നിർമ്മാണമാണ്. ഈ നിയമനിർമ്മാണവുമായി ബന്ധപ്പെട്ടുവരുന്ന സമയത്താണ് ബഹുമാനപ്പെട്ട ബാബു പറഞ്ഞ കാര്യത്തിന്റെ പ്രസക്തി വരുന്നത്. പാർലമെന്റിൽ അല്ലെങ്കിൽ നിയമസഭയിൽ 33 ശതമാനം സ്ത്രീ സംവരണം ഈ നിയമ നിർമ്മാണം സ്ത്രീകളുടെ പൊതുതാൽപര്യത്തിനാണ് ഊന്നൽ നൽകുന്നതെങ്കിൽ കൃത്യമായ ഒരു അഭിപ്രായം ഇക്കാര്യത്തിലുണ്ടാകണം. അങ്ങ് ഒരു രാഷ്ട്രീയ പാർട്ടിയെ പ്രതിനിധീകരിച്ചുകൊണ്ടാണ് നിൽക്കുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടി സി.പി.ഐ.(എം)ആണ്. സ്ത്രീകൾക്ക് 33 ശതമാനം സംവരണം കൊടുക്കണമെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്നു. അതിന് എല്ലാ നടപടികളും സ്വീകരിക്കുവാൻ തയ്യാറാണ്. അങ്ങ് പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടി ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാൻ തയ്യാറാകുമോ ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : ഞാൻ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടിയുടെ വീക്ഷണം ആ കാര്യത്തിൽ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ബാബു: സർ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നിലപാട് ഇക്കാര്യത്തിൽ സ്ത്രീകൾക്ക് പാർലമെന്റിലും നിയമസഭയിലും മൂന്നിലൊന്ന് സംവരണം ഏർപ്പെടുത്തണമെന്നാണ്. അന്ന് കോമൺ മിനിമം പ്രോഗ്രാം (സി.എം.പി.) ഉണ്ടായിരുന്നത് അങ്ങേയ്ക്ക് അറിയാമോ? ഇപ്പോൾ സംസാരിച്ച പേരാമ്പ്ര മെമ്പറുടെ പാർട്ടി ഇക്കാലമത്രയും സ്ത്രീകൾക്കുവേണ്ടി വാദിച്ചിട്ട് അവരുടെ പോളിറ്റ്ബ്യൂറോയിൽ ഒരു വനിതാംഗം പോലും ഇല്ലെന്നുള്ള കാര്യം അറിയുമോ ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, ബഹുമാന്യനായ ബാബു പറഞ്ഞതു പോലെ അവർ എല്ലാം പറയുക മാത്രമെയുള്ളൂ. ഒന്നും പ്രവർത്തിക്കാറില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു. You can continue next time.

(ചർച്ച തുടരും)

(3) 2004-ലെ കേരള മലയോര വികസന അതോറിറ്റി ബിൽ

ശ്രീ. കെ. സി. ജോസഫ് : സർ, 2004 ലെ കേരള മലയോര വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ബഹുമാനപ്പെട്ട മെമ്പർ കെ. സി. ജോസഫ് മലയോര പ്രദേശത്തെ സാമ്പത്തിക വളർച്ചയ്ക്കും അവിടത്തെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ